(ബി) കാലാവധി അവസാനിച്ച എത്ര കേസ്സുകളിൽ നിക്ഷേപകർ ധാരണാപത്രം പുതുക്കുകയുണ്ടായിട്ടുണ്ട്;

(സി) തുടർ നടപടികൾ പാടെ നിലച്ചുപോയ കേസ്സുകൾ എത്ര;

(ഡി) ജിം-ൽ ധാരണയായ ഏതെല്ലാം പദ്ധതികൾക്ക് സർക്കാർ ഭൂമി നൽകുകയുണ്ടായി;

(ഇ) സാധാരണഗതിയിൽതന്നെ സ്ഥാപിക്കപ്പെടുമായിരുന്ന ഏതെങ്കിലും വ്യവസായം ജിം ആനുകൂല്യം നേടിക്കൊണ്ട് സ്ഥാപിക്കപ്പെട്ടതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

*ഉത്തരം*

(എ) ഉണ്ട്.

(ബി) ജിം-ൽ ഒപ്പുവച്ച 96 ധാരണാപത്രങ്ങളുടെയും കാലാവധി കഴിഞ്ഞു. എന്നാൽ പുരോഗമിച്ചുകൊണ്ടിരിക്കുന്ന പദ്ധതികൾ തുടർനടപടികൾ സ്വീകരിച്ചു കഴിഞ്ഞാൽ ധാരണാപത്രം പുതുക്കേണ്ട ആവശ്യം വരുന്നില്ല.

(സി) 19 പദ്ധതികൾക്ക് തുടർ നടപടി ഉള്ളതായി കാണുന്നില്ല.

(ഡി) പദ്ധതികൾക്കൊന്നും തന്നെ സർക്കാർ ഭൂമി നൽകിയിട്ടില്ല.

(ഇ) ഇല്ല.

## പൊതുമേഖലാ സ്ഥാപനങ്ങളിലെ മേധാവികളുടെ നിയമനത്തിന് സ്വീകരിച്ചുവരുന്ന മാനദണ്ഡങ്ങൾ

2 [3438] *ശ്രീ. കെ. പി. രാജേന്ദ്രൻ:*

" *മാങ്കോട് രാധാകൃഷ്ണൻ:*

" *പി. നാരായണൻ :*

" *പി. എസ്. സുപാൽ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലെ മേധാവികളുടെ നിയമനത്തിന് ഇന്ന് സ്വീകരിച്ചുവരുന്ന മാനദണ്ഡങ്ങളും നടപടിക്രമങ്ങളും എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) സംസ്ഥാനത്ത് ഇപ്പോൾ പ്രവർത്തിച്ചുവരുന്ന പൊതുമേഖലാ സ്ഥാപനങ്ങളെത്ര; പ്രസ്തുത സ്ഥാപനങ്ങളിലായി മൊത്തം എത്ര പേർ ജോലി ചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പൊതുമേഖലാ സ്ഥാപനങ്ങളുടെ മേധാവികളായി പോലീസ് ഉദ്യോഗസ്ഥർ പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ ഏതൊക്കെ സ്ഥാപനങ്ങളിൽ; ആരൊക്കെയാണെന്ന് വെളിപ്പെടുത്താമോ;

(ഡി) പൊതുമേഖലാ സ്ഥാപനങ്ങളുടെ നിയമനങ്ങളുമായി ബന്ധപ്പെട്ട് എന്റർപ്രൈസസ് റിഫോംസ് കമ്മിറ്റി സർക്കാരിന് ശുപാർശകൾ നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

*ഉത്തരം*

(എ) പബ്ലിക് എന്റർപ്രൈസസ് ബോർഡ് പരസ്യപ്പെടുത്തി സെലക്ഷൻ നടത്തിയാണ് പൊതുമേഖലാ സ്ഥാപനങ്ങളിൽ മേധാവികളെ നിയമിക്കുന്നത്. കൂടാതെ പൊതുമേഖലാ സ്ഥാപനങ്ങളിലും സർക്കാർ വകുപ്പുകളിലും ഉയർന്ന തസ്തികകളിൽ ജോലി ചെയ്യുന്നവരെയും നിയമിക്കാറുണ്ട്.

(ബി) 112 എണ്ണം; 1,12,346 പേർ.

(സി) വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ സർവ്വീസിലുള്ള പോലീസ് ഉദ്യോഗസ്ഥർ ആരും തന്നെ ഇല്ല.

(ഡി) ഇല്ല.

## പരമ്പരാഗത വ്യവസായ തൊഴിലാളികളുടെ ക്ഷേമത്തിനുവേണ്ടി നടപടികൾ

3 [3440] *ശ്രീ. ഡി. സുഗതൻ:*
*ശ്രീമതി. ശോഭനാ ജോർജ്:*
*ശ്രീ. വി. ഡി. സതീശൻ:*
*,, കെ. അച്ചുതൻ :*
*,, ജോർജ് ജെ. മാത്യു:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പരമ്പരാഗത വ്യവസായങ്ങൾ ഏതെല്ലാമാണ്;

(ബി) ഇവയിലോരോന്നിലും എത്ര ആളുകൾ വീതം ഏർപ്പെട്ടിരിക്കുന്നു;

(സി) ഓരോ പരമ്പരാഗത വ്യവസായത്തിലും ഏർപ്പെട്ടിരിക്കുന്നവരുടെ ക്ഷേമത്തിനുവേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

*ഉത്തരം*

(എ) കയർ, കൈത്തറി, കശുവണ്ടി, കരകൗശലം, ബീഡി, ഈറ്റ, ഓട് എന്നിവയാണ് പ്രധാനപ്പെട്ട പരമ്പരാഗത വ്യവസായങ്ങൾ.

(ബി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly